പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*441   15-11-2019-ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയുടെ പ്രളയാനന്തര പുനരുജ്ജീവനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| **(എ)** | പ്രളയാനന്തരം കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിന് എന്തെല്ലാം കർമ്മ പരിപാടികളാണ് വിഭാവനം ചെയ്തിരുന്നത് ? | **(എ)** | പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തിയത്. ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുന:സൃഷ്ടിയ്ക്കായി, അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തികൾ നടപ്പിലാക്കി. പ്രളയത്തിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്യുക, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തിരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുക, പ്രത്യേക പ്രളയാനന്തര പാക്കേജ് പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ പരിപാടികളാണ് വിഭാവനം ചെയ്തിരുന്നത് . |
| **(ബി)** | ഇതുമായി ബന്ധപ്പെട്ട് ഇതിനോടകം എന്തെല്ലാം കാര്യങ്ങൾ ചെയ്തുവെന്ന് വ്യക്തമാക്കുമോ? | **(ബി)** | ആവർത്തിച്ചുണ്ടായ പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വിവിധ വിളകൾക്കുണ്ടായ നാശനഷ്ടത്തോടൊപ്പം ആസ്തികൾക്കും സർക്കാർ ഫാമുകൾക്കും നാശനഷ്ടമുണ്ടായി. കൂടാതെ മണ്ണിന്റെ ഘടനയിൽ വ്യത്യാസം സംഭവിച്ചതോടൊപ്പം ധാരാളം കർഷകർക്ക് കൃഷിഭൂമിതന്നെ നഷ്ടമാകുന്ന സ്ഥിതിയുമുണ്ടായി. ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുന:സൃഷ്ടിയ്ക്കായി, അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തികൾ നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ - കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പുനർജനി പദ്ധതി നടപ്പിലാക്കിയത്.<br>മഹാപ്രളയത്തിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്തു. ചെളി, മണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷി ഭൂമി നഷ്ടപ്പെട്ടവർക്കും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തിരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു.<br>വെള്ളപ്പൊക്കക്കെടുതി മൂലം വിളകൾക്കും കൃഷി ഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾക്ക് 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിൽ അംഗീകാരം നൽകി. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19 –ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം ലഭിച്ചു. ഇപ്രകാരം ആകെ 65.81 കോടി രൂപ പ്രളയാനന്തര പാക്കേജ് പദ്ധതികൾക്ക് അംഗീകാരം നൽകി.<br>പ്രളയനിവാരണത്തിനുള്ള പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൻ കീഴിൽ ഹോർട്ടികൾച്ചർ മേഖലയുടെ |

| | | | |
|---|---|---|---|
| | | | പുനഃരുദ്ധാരണത്തിന് കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ച 102.00 കോടി രൂപയുടെ പദ്ധതിയിൽ 93.395 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചു<br>2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ നിയമത്തിൽ നിയമാനുസൃതമായ ഭേദഗതികൾ പിന്നീട് വരുത്തുന്നതാണെന്ന വ്യവസ്ഥയോടെ, കൃഷി ഇറക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കണക്കാക്കി പമ്പിംഗ് സബ്സിഡി നൽകുന്നതിനും, തൻകൊല്ലത്തെ (തൻ സീസൺ) കൃഷിക്ക് പമ്പിംഗ് സബ്സിഡി നൽകുന്നതിനും അനുമതി നൽകിക്കൊണ്ടും, കോൺട്രാക്ടർ മുഖേന നടത്തുന്ന പമ്പിംഗിന് നൽകി വരുന്ന അതേ നിരക്ക തന്നെ (പുഞ്ചകൃഷിക്ക് ഏക്കറിന് 1800/- രൂപയും വിരിപ്പ് കൃഷിക്ക് ഏക്കറിന് 1900/- രൂപയും) പാടശേഖര സമിതി/ കർഷകർ സ്വന്തമായി നടത്തുന്ന പമ്പിംഗ് ജോലികൾക്കും നൽകുന്നതിനും അനുമതി നൽകി.<br>കളക്ടറുടെ ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ പമ്പുസെറ്റുകൾ ഉപയോഗിച്ചും വാട്ടർ അതോറിറ്റി ഇറിഗേഷൻ വകുപ്പുകളുടെ നേതൃത്വത്തിൽ മടവീണ പാടശേഖരങ്ങളിലെ വെള്ളം വറ്റിച്ച് വീണ്ടും കൃഷിയിറക്കുന്നതിന് സഹായിച്ചു.<br>കേടുപാടുകൾ സംഭവിച്ച ബണ്ടുകൾ റിപ്പയർ ചെയ്ത കിലോ മീറ്ററിന് 60000/- രൂപ എന്ന നിരക്കിൽ ധനസഹായം പാടശേഖര സമിതികൾക്ക് നൽകി.<br>2018-ൽ പ്രളയത്തെ തുടർന്ന് തകർന്ന മടകളുടെ പുനർ നിർമ്മാണം സംബന്ധിച്ച തുടർ പ്രവർത്തനങ്ങളെ ഇ-ടെണ്ടർ/ ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കി പാടശേഖരസമിതി വഴി നടപ്പിലാക്കുന്നതിനും, ബണ്ട് ബലപ്പെടുത്തുന്നതിനും/ ഉയർത്തുന്നതിനും ഉപയോഗിക്കുന്ന മണ്ണിന്റെ അളവ് 1000 ക്യൂ മീറ്ററിനുള്ളിൽ വരുന്ന സാഹചര്യത്തിൽ ലെവൽ മെഷർമെന്റില്ലാതെ ടേപ്പ് മെഷർമെന്റ് മുഖേന വാല്യുവേഷൻ |

| | | | |
|---|---|---|---|
| | | | നൽകുന്നതിനും പ്രത്യേക അനുമതി നൽകി.<br>പ്രളയാനന്തര കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റിവ് പദ്ധതിയിൽ ഉൾപ്പെടുത്തി, കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും മുഖേന നടപ്പിലാക്കുന്നതിനായി 965.394 കോടി രൂപയുടെ 35 പദ്ധതികൾ റീ ബിൽഡ് കേരള ഇനിഷ്യേറ്റിവിന് സമർപ്പിച്ചിട്ടുണ്ട്.<br>2020-21 -ലെ വാർഷിക പദ്ധതിയിൽ പ്രളയാനന്തര കാർഷിക മേഖലയുടെ പുനരുദ്ധാരണവും കൃഷിഭൂമി നഷ്ടപ്പെട്ട കർഷകരെ കൃഷിയിലേക്ക് തിരികെ കൊണ്ടുവരുന്നതിനും ഉദ്ദേശിച്ചുള്ള പുനർജനി പദ്ധതി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>2020-21 വർഷം മുതൽ ഓരോ പ്രദേശത്തിനും ഏറ്റവും അനുയോജ്യമായ വിളകളും കൃഷി രീതികളും അവലംബിച്ചുകൊണ്ട് അഗ്രോ എക്കോളജിക്കൽ യൂണിറ്റ് അടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | മലയോര കാർഷിക മേഖലയ്ക്ക് പ്രത്യേകമായി എന്തു സഹായമാണ് ചെയ്യാൻ സാധിച്ചതെന്ന് വ്യക്തമാക്കുമോ? | (സി) | 'സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം 2019-20' എന്ന പദ്ധതിയിൽ ഇടുക്കി ജില്ലയിലെ കുരുമുളകിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ കുരുമുളക് കൃഷി വ്യാപനം, പ്രദർശനത്തോട്ടം സജ്ജമാക്കൽ, സെക്കന്ററി/ സൂക്ഷ്മ മൂലകങ്ങൾ, കുമ്മായം എന്നിവയുടെ വിതരണം, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ, കുരുമുളക് സമിതി പുനരുജ്ജീവനം തുടങ്ങിയ പദ്ധതി ഘടകങ്ങൾക്കായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>വയനാട് ജില്ലയുടെ കുരുമുളക് വികസനത്തിനും, ജല-മണ്ണ് സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾക്കുമായി നടപ്പുവർഷം 1700 ലക്ഷം രൂപ വയനാട് പാക്കേജ് പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. നിലവിലുള്ള കുരുമുളകുകൾക്ക് പുതിയ താങ്ങുമരങ്ങൾ |

| | | | |
|---|---|---|---|
| | | | വച്ചുപിടിപ്പിക്കൽ, കുരുമുളക് കൃഷി വ്യാപനം, കുരുമുളക് തോട്ടങ്ങളുടെ സമഗ്ര വികസനം, ദ്രുതവാട്ടത്തിനെതിരെ സംയോജിത കീടനിയന്ത്രണം, വികേന്ദ്രീകൃത കുരുമുളക് നഴ്സറികൾ സ്ഥാപിക്കൽ, സെക്കന്ററി/ സൂക്ഷ്മ മൂലകങ്ങൾ/ ജൈവ കീടനാശിനികളുടെ വിതരണം, മാതൃതോട്ടങ്ങളുടെ സംരക്ഷണം, ഫാർമേഴ്സ് ഫീൽഡ് സ്കൂളുകൾ, പുതിയ ടെക്നോളജിയുടെ ഫ്രണ്ട് ലൈൻ ഡെമോൺസ്ട്രേഷനുകൾ, കുരുമുളക് സമിതികളുടെ ശാക്തീകരണം, പ്രവർത്തന ചെലവുകൾ എന്നിവ നടപ്പിലാക്കുന്നതിനായി പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**